**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1559** **28-07-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ ആരോഗ്യ സംരക്ഷണത്തിന് പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ വലിയ തോതിൽ കണ്ടു വരുന്ന കുട്ടനാട്ടിൽ അതിനെ തടയുന്നതിനും ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | കുട്ടനാട്ടിൽ പകർച്ച വ്യാധികളും ജലജന്യ രോഗങ്ങളും കൂടുതലായി കണ്ടു വരുന്നുണ്ടെങ്കിലും ഏതെങ്കിലും ഒരു തരം ക്യൻസർ ക്രമാതീതമായി വർദ്ധിക്കുന്നതായി നാളിതുവരെ ഒരു പഠനങ്ങളിലും തെളിഞ്ഞിട്ടില്ലാത്തതാണ്. മുൻവർഷങ്ങളിലും ഇത് സംബന്ധമായ അന്വേഷണങ്ങൾ ജില്ലാ മെഡിക്കൽ ഒാഫീസിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ടെങ്കിലും ക്യാൻസർ രോഗത്തിന്റെ പ്രാദേശികമായി വർദ്ധനവ് ഇത് വരെ റിപ്പോർട്ട് ചെയ്തിട്ടില്ല. ക്യാൻസർ രോഗനിർണ്ണയത്തിന് ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന ക്യാമ്പുകൾ കുട്ടനാട്ടിലും സജീവമായി നടത്തപ്പെടാറുണ്ട്. കുട്ടനാട് പ്രദേശത്തോട് ഏറ്റവും അടുത്തുള്ള മാവേലിക്കര ജില്ലാ ആശുപത്രിയിൽ ക്യാൻസർ ചികിത്സാ സെന്റർ ആരംഭിക്കുകയും കീമോ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ വിധികൾ നൽകി വരുകയും ചെയ്യുന്നു. ഈ കേന്ദ്രത്തിൽ രോഗ നിർണ്ണയത്തിനും അനുബന്ധ സേവനങ്ങൾക്കും പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ജലജന്യ രോഗങ്ങളും മറ്റു പകർച്ച വ്യാധികളും കുട്ടനാട്ടിൽ പടരുന്നത് തടയാൻ പ്രത്യേക പദ്ധതി നടപ്പക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | രോഗനിർണ്ണയത്തിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒാഫ് വൈറോളജി ആലപ്പുഴയുടേയും സഹായം തേടുന്നുണ്ട് ഇതിനായി ക്ലോറിൻ ഗുളികകളും ബ്ലീച്ചിംഗ് പൗഡറും ആശാവർക്കർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർ മുഖാന്തിരം കുട്ടനാട്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. വയറിളക്ക രോഗങ്ങൾ നേരത്തെ കണ്ടെത്തി ആവശ്യമായ ചികിത്സ ഉറപ്പ് വരുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒ.ആർ.എസ് പാക്കറ്റ്, സിങ്ക് ഗുളികകൾ, ഡോക്സിസൈക്ലിൻ, ഐ.വി ഫ്ലൂയിഡ് മുതലായ മരുന്നുകളുടെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധത്തിനായി ഡോക്സിഡേ ക്യാമ്പയിനും, രോഗ ചികിത്സയ്ക്കായി ഡോക്സി സൈക്ലിനും പെൻസിലിൻ ഉൾപ്പെടെയുള്ള മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്. കുട്ടനാട് പോലുള്ള |

| | | | | |
|---|---|---|---|---|
| | | | | വെള്ളക്കെട്ട് നിറഞ്ഞ പ്രദേശങ്ങളിൽ വയറിളക്കം ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങളാണ് (ടൈഫോയിഡ്. ഹെപ്പറ്റിറ്റിസ് എ &ഇ, കോളറ) സാധരണയായി ഉണ്ടാകുന്നത്. ഇത് കൂടാതെ എലിപ്പനിയും വ്യാപകമാകാറുണ്ട്. ഇവ തടയുന്നതിനായി നമ്മുടെ ആരോഗ്യ പ്രവർത്തകരായ ആശാ പ്രവർത്തകർ വഴിയും ഫീൽഡ് വിഭാഗം ജീവനക്കാരായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പബ്ലിക് ഹെൽത്ത് നേഴ്സ് വഴിയും ക്ലോറിനേഷൻ ജലസ്രോതസ്സുകളിൽ നടത്തുകയും, ആവശ്യമുള്ള സമയങ്ങളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തുകയും ചെയ്യുന്നു. തിളപ്പിച്ചാറിയ വെള്ളത്തിന്റെ ഉപയോഗം, ശുദ്ധമായ പാത്രത്തിൽ വെള്ളം ശേഖരിക്കേണ്ടതിന്റെ ആവശ്യകത, ടോയ്‌ലെറ്റിൽ പോയ ശേഷം കൈകഴുകുന്നതിന്റെ ആവശ്യകത, ഭക്ഷണം പാകം ചെയ്യുന്നതിന് മുമ്പും ശേഷവും കൈകഴുകുന്നതിന്റെ ആവശ്യകത, ഭക്ഷണ സാധനങ്ങൾ അടച്ച് സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ പരിപാടികളും നടത്തി വരുന്നു. ഇത് കൂടാതെ 2015 മുതൽ അഞ്ച് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളിൽ എല്ലാ വർഷവും മെയ്, ജൂൺ മാസങ്ങളിൽ ദേശീയ പരിപാടിയായ Intensified Diarrhoea Control Forte Night Programme നടത്തി വരുന്നു. പ്രസ്തുത പരിപാടിയിൽ കുട്ടികൾക്ക് ഒ.ആർഎസ്, സിങ്ക് എന്നിവ ആശാ പ്രവർത്തകർ മുഖേന വീടുകളിൽ എത്തിക്കുകയും ഒ.ആർ.എസ് ലായനി തയ്യാറാക്കുന്ന വിധം പഠിപ്പിച്ച് കൊടുക്കുകയും ചെയ്യുന്നു. തിളപ്പിച്ചാറ്റിയ കുടിവെള്ളത്തിന്റെ ഉപയോഗം കൈകഴുകുന്നതിന്റെ ആവശ്യകത, വ്യക്തി ശുചിത്വം പാലിക്കുന്നതിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് സ്കൂളുകളിലും വീടുകളിലും ബോധവത്കരണം നടത്തുന്നു. കൂടാതെ ഭക്ഷണം വിൽക്കുന്ന സ്ഥാപനങ്ങളിലും അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ പരിശോധന, ജലത്തിന്റെ ഗുണനിലവാര പരിശോധന എന്നിവയും അനുബന്ധ പ്രവർത്തനങ്ങളായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ